## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 220.          06/02/2018-ൽ മറുപടിയ്ക്ക്**

## <u>വനബന്ധു കല്യാൺ യോജന</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എസ്.രാജേന്ദ്രൻ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ. പി.വി. അൻവർ<br>,, ഒ. ആർ. കേളു :** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമ്പൂർണ്ണ വികസനത്തിനും ക്ഷേമത്തിനുമായി 'വനബന്ധു കല്യാൺ യോജന' നടപ്പിലാക്കി വരുന്നുണ്ടോ; | (എ) യും (ബി) യും | ഉണ്ട്.<br>• ഗുണനിലവാരമുള്ളതും സുസ്ഥിരവുമായ തൊഴിൽ<br>• ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും ഊന്നൽ നല്കൽ<br>• പട്ടികവർഗ്ഗ മേഖലകളിൽ സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുക.<br>• സമ്പൂർണ്ണ ആരോഗ്യം<br>• സമ്പൂർണ്ണ ഭവനം<br>• ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും വീട്ടുവാതിക്കൽ ലഭ്യമാക്കുക<br>• സ്ഥലത്തിന് അനുയോജ്യമായ ജലസേചന സൗകര്യങ്ങൾ<br>• അടുത്തുള്ള ടൗൺ / സിറ്റികളെയും ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡ്.<br>• എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കുക<br>• നഗരവികസനം<br>• പട്ടികവർഗ്ഗ മേഖലകളിൽ കായിക മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുക.<br>• പട്ടികവർഗ്ഗ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും സംരക്ഷണവും പ്രോത്സാഹനവും<br>മുതലായ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | പട്ടികവർഗ്ഗ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | പട്ടികവർഗ്ഗ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്നതിനായി 2016-2017 സാമ്പത്തികവർഷം വനബന്ധു കല്യാൺ യോജന പദ്ധതി പ്രകാരം മാനന്തവാടി ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസറുടെ അധികാരപരിധിയിൽ വരുന്ന 1854 കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നതിന് ടി വീടുകളുടെ ആദ്യ ഗഡു അനുവദിച്ചു. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ ഇടുക്കി ജില്ലയിൽ കാഞ്ചിയാർ പഞ്ചായത്തയിലെ മേമാരി എസ്.റ്റി കോളനി, മറയൂർ പഞ്ചായത്തിലെ അപ്പർ വാല്സപ്പെട്ടിക്കുടി കോളനി ചിലന്തിയൂർ കീഴ് വാല്സപ്പെട്ടി കോളനി എന്നീ കോളനികളുടെ വൈദ്യുതികരണവും ഈ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു. |
| (ഡി) | പ്രസ്തുത വിഭാഗക്കാരുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തിക ഉന്നമനം എന്നിവയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഉന്നത വിദ്യാഭ്യാസവും നൈപുണ്യവികസനത്തിനുമായി പാരാമെഡിക്കൽ കോഴ്സിനും, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കായിക അഭിവൃദ്ധിയ്ക്കായിട്ടുള്ള സാഹചര്യം മെച്ചപ്പെടുത്തുന്നതിനും പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. കൂടാതെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസംരക്ഷണത്തിനായി കോട്ടാത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ഉപകരണങ്ങൾ വാങ്ങി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ